LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള സഹായങ്ങൾ

29 (2267) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയാണ് ;

(ബി) ഇപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാരിൽ നിന്നോ കെ.എസ്.ഇ.ബി.-യിൽ നിന്നോ നൽകിയ ധനസഹായങ്ങളുടെയും ഇതര സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുവാൻ ഗവൺമെന്റോ കെ.എസ്.ഇ.ബി.-യോ നിശ്ചയിച്ചതോ പ്രഖ്യാപിച്ചതോ ആയ സഹായങ്ങൾ യഥാസമയം കൊടുക്കുവാൻ കഴിയാത്ത കേസുകൾ അവശേഷിക്കുന്നുവോ ; എങ്കിൽ ആയത് അടിയന്തരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബോർഡിലെ സ്ഥിരം ജീവനക്കാർ - 51
കരാർ തൊഴിലാളികൾ - 50

(ബി) ജോലിക്കിടെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും, സർക്കാരിൽ നിന്നും നല്കിയ നഷ്ടപരിഹാരം/ ധനസഹായത്തിന്റെയും മറ്റ് ഇതര സാമ്പത്തിക സഹായങ്ങളുടെയും (മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മേൽ സൂചിപ്പിച്ചവയ്ക്ക് ഉപരിയായി മരണപ്പെട്ട ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിനും അർഹതയുണ്ട്. ലൈനിൽ അറ്റകുറ്റ പണികൾക്കിടയിൽ മരണപ്പെട്ട ബോർഡിലെ സ്ഥിര ജീവനക്കാരുടെ ആശ്രിതരിൽ യോഗ്യരായ 29 പേർക്ക് കെ.എസ്.ഇ.ബി.-യിൽ നിയമനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ലഭ്യമാക്കാത്ത കാരണത്താലും വിവിധ കോടതികളിൽ നഷ്ടപരിഹാര സംബന്ധമായ കേസുകൾ അന്തിമ തീരുമാനമാകാതെ നിലനില്ക്കുന്നതിനാലും, അനധികൃതമായി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ബോർഡിന്റെ അറിവോ സമ്മതമോ കൂടാതെ പണി ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങൾ എന്നീ കാരണത്താലും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ട വിവിധ രേഖകൾ/പ്രമാണങ്ങൾ എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് ബോർഡിന്റെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, കോടതി വ്യവഹാരങ്ങളിലൂടെ ഈടാക്കാൻ ഇടയുള്ള (പലിശ ഉൾപ്പെടെ) സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യം കഴിവതും ഒഴിവാക്കുന്ന രീതിയിൽ അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുന്നതിനു സത്വര നടപടികൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സ്വീകരിച്ചു വരുന്നുണ്ട്. ആശ്രിത നിയമനത്തിനായി അപേക്ഷിച്ച യോഗ്യരായ എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.

മസ്ദൂർ തസ്തികയിലെ പ്രൊമോഷനും റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനവും

30 (2268) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ ഓരോ ജില്ലയിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിനുള്ള തടസ്സമെന്താണെന്നറിയിക്കുമോ ;

(സി) മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly